Year	Allotment (IN MTs)	Lifting (In MTS)
2010-11	14,44,424	14,44,424.0
2011-12	15,88,467	15,88,327.1
2012-13	17,81,492	17,81,492.0
2013-14	15,09,540	15,09,540.0

(ഡി) കേന്ദ്ര സർക്കാർ നൽകുന്ന വിഹിതത്തിൽ വൻതോതിൽ കുറവ് വരുത്തുകയാണെങ്കിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. കേന്ദ്രവിഹിതം കുറയാതിരിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ

29 (*119) ശ്രീ. കെ. എം. ഷാജി :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിവർഷം ആവശ്യമായി വരുന്ന മണലിന്റെ അളവു സംബന്ധിച്ചു വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) പരിസ്ഥിതിക്കു ദോഷം വരാത്തവിധം മണലിന്റെ ലഭ്യത ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിത ശ്രമം ഉണ്ടായിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ ഏതൊക്കെ ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) വിവരശേഖരണം നടത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. 2002- ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30(1) ചട്ടം പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്നതിന് സാൻഡ് ആഡിറ്റ് നടത്താറുണ്ട്. സംസ്ഥാനത്തെ ഇരുപത് നദികളിലെ നദീതീര മാപ്പിംഗും സാൻഡ് ആഡിറ്റിംഗും സർക്കാർ സെസ്സിന്റെ മേൽനോട്ടത്തിൽ റിവർ മാനേജ്മെന്റ് സെൽ മുഖേന നടത്തിവരുന്നു. ആയത് അന്തിമഘട്ടത്തിലാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാൻഡ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. അതിനുംപുറമെ ഡാമുകളിൽ നിന്നും മണൽ വാരി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിപ്പിച്ചാണ് മണൽ ഖനനവും വിതരണവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം വകുപ്പ് 26 പ്രകാരം നിർദ്ദേശിക്കുന്ന പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ മണലിന്റെ ലഭ്യത ഉറപ്പുവരുത്താനും അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാനുമായി 21-2-2014-ൽ സ.ഉ.(എംഎസ്.)2/2014/പരി. 15-11-2014-ൽ സ.ഉ.(എംഎസ്.)നമ്പർ 13/2014/പരി. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ

30 (*120) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചക വാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly